I/117023/2023

നമ്പർ.ബി1/144/റ്റി.സി/2022

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

**രണ്ടാം നില, ട്രാന്സ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,**

[(0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in ഇ-മെയിൽ - tcoffice.mvd@kerala.gov.in

**29-03-2023**

## സർക്കുലർ നമ്പർ. 5/2023

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – പുഷ് ബാക്ക് സീറ്റ് ഓർഡിനറി സീറ്റിലേക്ക് മാറ്റുന്നത് – നിർദ്ദേശങ്ങൾ നൽകുന്നത് – സംബന്ധിച്ച്.

സൂചന :- 1. സർക്കുലർ നമ്പർ 3/2014, 5/2014.
2 ബഹു: കേരളാ ഹൈക്കോടതിയുടെ WPC No.7046/2017, WA No.196/2018 എന്നീ കേസുകളിലെ വിധിന്യായം

Luxury Contract Carriage വാഹനങ്ങളിൽ നിന്നും ഉയർന്ന നികുതി ഈടാക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് Push Back / Sleeper Birth കോൺട്രാക്ട് കാര്യേജുകൾക്ക് 2014 –ലെ ഫിനാൻസ് ആക്ട് വഴി ഉയർന്ന നികുതി നിരക്ക് ഏർപ്പെടുത്തിയത് . ഇത്തരം കോൺട്രാക്ട് കാര്യേജുകൾ പൊതുജനങ്ങൾക്കു സുഖകരമായ യാത്ര വിഭാവന ചെയ്യുന്നതുകൊണ്ട് അവയ്ക്ക് ഡിമാന്റ് വർദ്ധിക്കുമെന്നതിന്റെ അടിസ്ഥാനത്തിലാണ് ടി വാഹനങ്ങൾക്കു ഉയർന്ന നികുതി നിരക്ക് ഏർപ്പെടുത്തിയിരുന്നത്. എന്നാൽ കോൺട്രാക്ട് കാര്യേജുകളുടെ സീറ്റുകളുടെ എണ്ണം കുറയ്ക്കുന്നതിനോ കൂട്ടുന്നതിനോ മോട്ടോർ വാഹന നിയമം അനുമതി നൽകുന്നതിനാൽ സർക്കാരിന് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനത്തിൽ കുറവുണ്ടാകാത്തതരത്തിൽ സീറ്റുകളുടെ എണ്ണം കുറയ്ക്കുവാൻ ബഹു. ഹൈക്കോടതിയും (Gopalakrishan Vs RTO Alappuzha) MoRTH- ഉം (RT 11036/06/2019/MVL dtd 28.02.2019) നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവിടെ സീറ്റുകളുടെ എണ്ണം കുറയ്ക്കുന്നതുകൊണ്ടുള്ള വരുമാന നഷ്ടം സംബന്ധിച്ചാണ് കോടതി ഉത്തരവുള്ളത്. അതുപോലെ തന്നെ സീറ്റുകളുടെ എണ്ണം കുറയ്ക്കാതെ തന്നെ നിലവിലുള്ള Push Back സീറ്റുകൾ ordinary സീറ്റുകൾ ആക്കി മാറ്റുകയാണെങ്കിൽ സർക്കാരിന് വരുമാനനഷ്ടം ഉണ്ടാകുമെന്നതിനാൽ അത്തരത്തിൽ സീറ്റുകളുടെ Type മാറ്റുവാൻ അനുമതി നൽകരുത് എന്നറിയിച്ച് Circular 3/2014, Circular 5/2014 എന്നിവ വഴിയും അനുബന്ധ കത്തുകൾ വഴിയും എല്ലാ Registering Authority കൾക്കും Additional Registering Authority കൾക്കും നിർദ്ദേശം നൽകിയിരുന്നു.

കോൺട്രാക്ട് കാര്യേജ് വാഹനങ്ങളിലെ Push Back seat കൾ ഓർഡിനറി സീറ്റുകൾ ആക്കുകയാണെങ്കിൽ ഓർഡിനറി സീറ്റുകളുടെ നിരക്കിൽ നികുതി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ബഹു.ഹൈക്കോടതി WP(C) No.7046/2017, WP(C) No.20799/2017 എന്നീ കേസുകളിൽ 10.10.2017 -ൽ വിധി പ്രാഖ്യാപിച്ചിട്ടുണ്ട്. ഇതിനെതിരെ അങ്കമാലി ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട്

ഓഫീസർ ഫയൽ ചെയ്ത WA No 196/2018 എന്ന കേസിലേയും WA No 539/2018, WA No 1002/2018 എന്നീ കേസുകളിലെയും 07.08.2018 തീയതിയിലെ വിധിന്യായത്തിൽ ബഹു. Single Bench - ന്റെ ഉത്തരവ് അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. Push Back seat/Sleeper Birth കൾ ഘടിപ്പിച്ച കോൺട്രാക്ട് കാര്യേജ് വാഹനങ്ങളുടെ സീറ്റുകൾ ഓർഡിനറി സീറ്റുകൾ ആക്കി മാറ്റുകയാണെങ്കിൽ ഓർഡിനറി സീറ്റുകളുടെ നിരക്കിൽ നികുതി സ്വീകരിക്കേണ്ടതാണ്. ഇതനുസരിച്ച് 3/2014, 5/2014 എന്നീ സർക്കുലറുകളിൽ ഇതിനാൽ ഭേദഗതി വരുത്തുന്നു.
2. സീറ്റുകളുടെ Type മാറ്റുമ്പോൾ സീറ്റുകളുടെ നിലവിലുള്ള എണ്ണത്തിൽ കുറവുണ്ടാവുകയാണെങ്കിൽ ആദ്യം ഉണ്ടായിരുന്ന സീറ്റുകളുടെ എണ്ണത്തിനനുസരിച്ച് നികുതി സ്വീകരിക്കേണ്ടതാണ്. സീറ്റുകളുടെ എണ്ണം കൂടുകയാണെങ്കിൽ കൂടിയ സീറ്റിനനുസരിച്ചും നികുതി സ്വീകരിക്കേണ്ടതാണ്.
3. നിലവിലുള്ള Push Back seat കൾ താത്ക്കാലികമായി ഓർഡിനറി സീറ്റുകൾ ആക്കി മാറ്റുവാൻ പാടുള്ളതല്ല. മാത്രമല്ല Push Back seat കൾ ഓർഡിനറി സീറ്റുകൾ ആക്കുമ്പോൾ പ്രസ്തുത സീറ്റുകളുടെ സ്വഭാവം പൂർണ്ണമായി ഓർഡിനറി സീറ്റുകൾ ആണെന്നും ടി സീറ്റുകൾ നികുതി നിർണ്ണയിച്ചതിനുശേഷം തിരിച്ച് Push Back seat ആക്കി മാറ്റുന്നില്ലായെന്ന് രജിസ്റ്ററിങ് അതോറിറ്റികൾ ഉറപ്പുവരുത്തേണ്ടതാണ്.ഇത്തരത്തിൽ തരം മാറ്റം മാറ്റിയ വാഹനങ്ങളുടെ വിവരങ്ങൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിനു കൈമാറേണ്ടതാണ്.
4. ഇത്തരത്തിൽ ഓർഡിനറി സീറ്റുകളിലേക്ക് മാറ്റിയ വാഹനങ്ങൾ വീണ്ടും Push Back സീറ്റുകൾ ഘടിപ്പിച്ചിട്ടുള്ളതായി വാഹന പരിശോധയിൽ കണ്ടെത്തിയാൽ പരിശോധന നടത്തിയ Quarter- ന്റെ ആരംഭം മുതൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കേണ്ടതുമാണ്.

Signed by
S Sreejith I P S
Date: 29-03-2023 16:39:18

S SREEJITH I P S
TRANSPORT COMMISSIONER

സ്വീകർത്താക്കൾ

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ചെക്ക് പോസ്റ്റ് എം.വി.ഐ. മാർക്കും.

പകർപ്പ്:- നോഡൽ ഓഫീസർ എസ്.എസ്.ജി സെൽ, സൂപ്രണ്ട് എസ്.എസ്.ജി വിഭാഗം, ടി.സി, അഡിഷണൽ ടി.സി,സീനിയർ ഡി.ടി.സി ടാക്സ്,സീനിയർ

I/117023/2023

എഫ്.ഓ,സീനിയർ ലാ ഓഫീസർ എന്നിവരുടെ സി.എ മാർ
ശ്രീ. ജാക്സൺ പൌലോസ്,
കാരേപറമ്പിൽ ഹൌസ്,പുല്ലൂർ പി.ഒ.
ഊരകം, ഇരിഞ്ഞാലക്കുട, തൃശ്ശൂർ.(അറിവിലേക്കായി)

ഐ.എൽ.